"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകപ്പ് - കാർഷിക വികസന കർഷക ക്ഷേമ വകപ്പിലെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന നിലവിലുള്ള കരാർ ജീവനക്കാരുടെ തുടർച്ചാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി ബി) വകുപ്പ്**

സ.ഉ.(സാധാ) നം.326/2025/AGRI തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:-

1. സ.ഉ. (പി) നം. 28/2016/ധന, തീയതി 26. 02.2016.
2. സ.ഉ. (പി) നം. 56/2017/ധന, തീയതി 28.04.2017.
3. സ.ഉ. (പി) നം. 112/2018/ധന, തീയതി 21.0.7.2018.
4. സ.ഉ. (പി) നം. 81/2019/ധന, തീയതി 09. 0.7.2019.
5. സ.ഉ. (പി) നം. 29/2021/ധന, തീയതി 11.02. 2021.
6. സർക്കുലർ നം. 61/2022-ധന തീയതി 22.07.2022.
6. സ.ഉ. (സാധാ) നം. 396/2020/കൃഷി, തീയതി 24.04.2020.
7. സ.ഉ. (സാധാ) നം 593/2022/കൃഷി, തീയതി 05.07.2022.
8 .സ.ഉ.(സാധാ) നം.314/2023/കൃഷി ,തീയതി 30-03-2023.
9. സ.ഉ.(സാധാ) നം.524/2024/കൃഷി ,തീയതി 13-06-2024.
10. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18/12/2024 , 23.01.2025 എന്നീ തീയതികളിലെ ലെ ADFW/6813/2024-VC നമ്പർ കത്തുകൾ.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകപ്പിലെ വെജിറ്റബിൾ സെൽ വിഭാഗത്തിൻ കീഴിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന 2 ടെക്നിക്കൽ അസിസ്റ്റന്റ്മാർ, 3 ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ , 14 ജില്ലകളിലെ 28 ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ , 51 ഫീൽഡ് അസിസ്റ്റന്റ്മാർ, എന്നിവരുടെ സേവന കാലാവധി പരാമർശം (9) ഉത്തരവ് പ്രകാരം 2024-25 സാമ്പത്തിക വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

2) പരാമർശം (10) പ്രകാരം കൃഷി ഡയറക്ടറേറ്റിൽ **പച്ചക്കറി വികസന പദ്ധതി**യിൻ കീഴിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച പരിചയ സമ്പന്നരായ 2 ടെക്നിക്കൽ അസിസ്റ്റന്റ്മാർ, 3 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, 14 ജില്ലകളിലായി 28 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ (25 പേർ നേരിട്ട് കരാർ നിയമനം ലഭിച്ചവരും, 3 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരും) 51 ഫീൽഡ് അസിസ്റ്റന്റുമാർ (42 പേർ നേരിട്ട് കരാർ

നിയമനം ലഭിച്ചവരും 9 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരും) എന്നിവരുടെ സേവനം 2025-26 സാമ്പത്തിക വർഷം കൂടി നീട്ടി നൽകണമെന്നു ആവശ്യപ്പെട്ടുകൊണ്ട് കൃഷി ഡയറക്ടർ പ്രൊപോസൽ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ ഭരണപരമായ ആവശ്യകത വിലയിരുത്തിക്കൊണ്ട്, പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച 2 ടെക്നിക്കൽ അസിസ്റ്റന്റ്മാർ, 3 ഡാറ്റാ എൻടി ഓപ്പറേറ്റർമാർ, 14 ജില്ലകളിലായി 28 ഡാറ്റാ എൻട്്രി ഓപ്പറേറ്റർമാർ (25 പേർ നേരിട്ട് കരാർ നിയമനം ലഭിച്ചവരും, 3 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരും) 51 ഫീൽഡ് അസിസ്റ്റന്റുമാർ (42 പേർ നേരിട്ട് കരാർ നിയമനം ലഭിച്ചവരും 9 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരും) എന്നിവർക്ക് ഒരു ദിവസത്തെ ഇടവേള നൽകിയതിന് ശേഷം **179 ദിവസത്തേക്ക്** കരാർ പുതുക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

4) ദിവസവേതന/കരാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പ്രകാരം മേൽ ജീവനക്കാരുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്ന സാഹചര്യത്തിൽ പരാമർശം (1),(2),(3),(4),(5),(6) എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കേണ്ടതും ടി ജീവനക്കാരിൽ നിന്നും, 'സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉന്നയിക്കുകയില്ലായെന്ന സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ട്സ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള,തിരുവനന്തപുരം.
ധനകാര്യ(അഗ്രി-എ)വകുപ്പ് (അനൗദ്യോഗിക കുറിപ്പ് 3079006/AGRI-A2/68/2025/FIN തീയതി 26/03/2025 പ്രകാരം )
കരുതൽ ഫയൽ (AGRI-PB2/357/2024/AGRI)/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Nisha T K
Date: 29-03-2025 14:55:26
സെക്ഷൻ ഓഫീസർ